# കണ്ണൂർ സർവ്വകലാശാല

## (പരീക്ഷാവിഭാഗം)

**സർവകലാശാല അഫിലിയേറ്റഡ് കോളേജുകളിലെയും യുണിവേഴ്സിറ്റി സെൻററുകളിലെയും 2016,2017,2018,2019,2020, 2021, 2022 വർഷങ്ങളിൽ പ്രവേശനം നേടി വിജയകരമായി MCA ബിരുദം പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് (പഠന വകുപ്പ് ഒഴികെ) ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷിക്കാനുള്ള മാർഗനിർദ്ദേശങ്ങൾ**

### അപേക്ഷിക്കേണ്ട രീതി

മാർഗ നിർദേശങ്ങൾ വായിച്ചു മനസിലാക്കിയ ശേഷം **Proceed** ബട്ടൺ ക്ലിക്ക്ചെയ്ത് രജിസ്റ്റർ നമ്പർ, ജനന തീയതി എന്നിവ നൽകി ഓൺലൈൻ അപേക്ഷയുമായി മുന്നോട്ട് പോകുക. ഓൺലൈൻ അപേക്ഷയുടെ ഭാഗമായി എസ്.എസ്.എൽ.സി, യോഗ്യതാസർട്ടിഫിക്കറ്റ് (ഡിഗ്രി സർട്ടിഫിക്കറ്റ്), **MCA** ഫൈനൽ ഗ്രേഡ് കാർഡ്, **MCA** പ്രൊവിഷണൽ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ സ്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ **(Maximum File size 1 MB)** നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതാണ്. സ്കാൻ ചെയ്ത രേഖകൾ വ്യക്തവും വായിക്കാൻ കഴിയുന്നതുമായിരിക്കണം. **MCA** ഫൈനൽ ഗ്രേഡ് കാർഡിന്റെ ഒറിജിനൽ തന്നെ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യണം. ഇൻറർനെറ്റ് കോപ്പി സ്വീകാര്യമല്ല.

എല്ലാ വിശദാംശങ്ങളും നല്കി ഓൺലൈൻ അപ്ലിക്കേഷൻ സബ്മിറ്റ് ചെയ്തതിനുശേഷം അതിന്റെ ഒരു പ്രിൻറൗട്ട് എടുത്ത്, "ഡിക്ലറേഷൻ" പൂർണമായും വായിച്ചു ബോധ്യപ്പെട്ടതിനുശേഷം ഒപ്പിട്ട് നേരിട്ടോ, തപാൽ വഴിയോ (മേൽവിലാസം - **CONTROLLER OF EXAMINATIONS, KANNUR UNIVERSITY, THAVAKKARA, CIVIL STATION (P O), KANNUR 670002**) സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. **ഡിഗ്രി സർട്ടിഫിക്കറ്റിനുവേണ്ടിയുള്ള കവർ വെയ്ക്കേണ്ടതില്ല.** അപേക്ഷയോടൊപ്പം താഴെപറയുന്നരേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ (Self attested photocopies) ഉള്ളടക്കം ചെയ്യേണ്ടതാണ്

1. ഫീസ്/സെർച്ച് ഫീസ് റസീറ്റ് (ഒറിജിനൽ)
2. എസ്.എസ്.എൽ.സി
3. ഡിഗ്രി സർട്ടിഫിക്കറ്റ്
4. **MCA** ഫൈനൽ ഗ്രേഡ് കാർഡ്
5. **MCA** പ്രൊവിഷണൽ സർട്ടിഫിക്കറ്റ്
6. ആധാർ-ന്റെ പകർപ്പ (ആധാർ-ന്റെ പകർപ്പിൽ രജിസ്റ്റർ നമ്പർ, ആധാറുമായി ലിങ്ക് ചെയ്ത മൊബൈൽ നമ്പർ, ഇ-മെയിൽവിലാസം എന്നിവ വ്യക്തമായി എഴുതി ചേർക്കേണ്ടതാണ്).

***ഗ്രേസ്മാർക്ക്, റീ-വാല്യേഷൻ, ഇംപ്രൂവ്മെൻറ് എന്നിവയ്ക്ക് അപേക്ഷിച്ച്, പുതുക്കിയ ഗ്രേഡ്കാർഡ് ലഭിക്കാത്ത വിദ്യാർഥികൾ ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷിക്കാൻ പാടുള്ളതല്ല. ഡിഗ്രി സർട്ടിഫിക്കറ്റ് ഒരിക്കൽ അനുവദിച്ചു കഴിഞ്ഞാൽ ഗ്രേഡ്കാർഡുകളിൽ തിരുത്തലുകൾ അനുവദിക്കുന്നതല്ല.***

### NATIONAL ACADEMIC DEPOSITORY (NAD):

വിദ്യാർഥികളുടെ **MCA** ഡിഗ്രി സർട്ടിഫിക്കറ്റുകൾ **National Academic Depository (NAD)**-യിൽ ലഭ്യമാക്കുന്നതിനായി സർവകലാശാല **'DigiLocker'**-ന്റെ സേവനമാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. അതിനാൽ വിദ്യാർഥികൾ ഡിഗ്രിസർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോഴോ അല്ലെങ്കിൽ മറ്റൊരു അവസരത്തിലോ ഇതിനായി നൽകിയിരിക്കുന്ന വെബ്സൈറ്റിൽ (https://nad.digitallocker.gov.in) പ്രവേശിച്ച് സ്വന്തമായ **'ഡിജിലോക്കർ അക്കൗണ്ട്'** സൃഷ്ടിക്കേണ്ടതാണ്. എങ്കിൽ മാത്രമേ സർവകലാശാല സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുന്ന മുറയ്ക്ക് വിദ്യാർഥികൾക്ക് ഇത് ലഭ്യമാവുകയുള്ളൂ.

.......2

## ഫീസ്‌വിശദാംശങ്ങൾ

**MCA.ഡിഗ്രി സർട്ടിഫിക്കറ്റിനുള്ള ഫീസ് (തപാൽ ചാർജ് ഉൾപ്പെടെ): Rs. 520/-**

**MCA** അവസാന സെമസ്റ്റർ പരീക്ഷാഫീസിനൊപ്പം **MCA** ഡിഗ്രി സർട്ടിഫിക്കറ്റിനായുള്ള ഫീസ് അടച്ചവർ വീണ്ടും അടക്കേണ്ടതില്ല.
എന്നാൽ സപ്ലിമെൻററി/ഇംപ്രൂവ്മെൻറ് അവസരങ്ങൾ ഉപയോഗപ്പെടുത്തിയവർ സമയാസമയത്തുള്ള ഫീസ് വർധനയ്ക്കനുസൃതമായി അധികമായി വരുന്ന തുക അടക്കേണ്ടതാണ്.**2018 MCA, 2019 MCA Lateral Entry അഡ്മിഷൻ വിദ്യാർഥികൾ (Rs. 520/-) ഫീസ് അടക്കേണ്ടതാണ്. സർവകലാശാല അക്കൗണ്ടിൽ അടക്കുന്ന തുക യാതൊരു വിധേനയും തിരികെ നൽകുന്നതല്ല**

പരീക്ഷാഫലം പ്രസിദ്ധീകരിച്ച് ഒരു വർഷത്തിനുശേഷം അപേക്ഷിക്കുമ്പോൾ സർവകലാശാല നിശ്ചയിച്ചിട്ടുള്ള സെർച്ച്ഫീസ് (SEARCH FEES) നിർബന്ധമായും അടക്കേണ്ടതാണ്.

### സെർച്ച് ഫീസ് (SEARCH FEES)

| അപേക്ഷിക്കുന്ന കാലയളവ് | ഫീസ് |
|---|---|
| ഫലപ്രഖ്യാപന തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ | - 0 - |
| ഫലപ്രഖ്യാപനതീയതിക്കുശേഷം 1 വർഷം മുതൽ 2 വർഷം വരെ | Rs 300 |
| ഫലപ്രഖ്യാപനതീയതിക്കുശേഷം 2 വർഷം മുതൽ 3 വർഷം വരെ | Rs 400 |
| ഫലപ്രഖ്യാപനതീയതിക്കുശേഷം 3 വർഷം മുതൽ 4 വർഷം വരെ | Rs 600 |
| ഫലപ്രഖ്യാപനതീയതിക്കുശേഷം 4 വർഷം മുതൽ 5 വർഷം വരെ | Rs 800 |
| ഫലപ്രഖ്യാപനതീയതിക്കുശേഷം 5 വർഷം മുതൽ 7 വർഷം വരെ | Rs 1200 |
| ഫലപ്രഖ്യാപനതീയതിക്കുശേഷം 5 വർഷം മുതൽ 7 വർഷം വരെ | Rs 2500 |
| ഫലപ്രഖ്യാപനം കഴിഞ്ഞ് 7 വർഷത്തിനു ശേഷം | Rs 4000 |

### ഫീസ് അടക്കുന്ന വിധം

മേൽ പറഞ്ഞ ഫീസുകൾ, സർവകലാശാല വെബ്സൈറ്റിൻെറ **'ഹോം പേജിൽ'** നൽകിയിരിക്കുന്ന ***SBI COLLECT – Online Fee Payment*** എന്ന ലിങ്കിലൂടെ ഓൺലൈനായി അടക്കേണ്ടതാണ്.

- Category: Application for Original Degree Certificate
- Purpose: 1) Original Degree Certificate (Degree online Application)
  or
  2)Search Fee for Degree Certificate/Marklists (for each)

******

### സംശയനിവാരണത്തിന്

| | |
|---|---|
| എൻക്വയറി നമ്പർ: | 0497-2715185 |
| MCA: | 0497-2715253 |
| ഓൺലൈൻ സാങ്കേതിക സഹായം: | 0497-2715405 |